

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.29 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 770/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/03/2013

പരാമർശം:- 1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30/12/2005-ലെ 49776/പി1/05-ാം നമ്പർ സർക്കുലർ

2) തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 27/11/2012-ലെ പി2-25928/11-ാം നമ്പർ കത്ത്.

3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 30/01/2013-ലെ LF-25737/ML3/12-ാം നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കുലർ പ്രകാരം വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി എന്നിവയ്ക്ക് വൈദ്യുതി, വെള്ളക്കരയിനത്തിൽ നിലവിൽ കുടിശ്ശികയില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ കൈമാറിക്കിട്ടിയ സർക്കാർ സ്കൂളുകൾക്ക് ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു.

എന്നാൽ വെള്ളക്കരയിനത്തിൽ 16,24,561/- രൂപ കുടിശ്ശികയുള്ള തലശ്ശേരി നഗരസഭ 2010-11 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റായി ലഭിച്ച തുകയിൽ നിന്നും 5,37,737/- രൂപ വിവിധ സ്കൂളുകൾക്ക് ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ചത് 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-29 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

സ്കൂളുകളുടെ ഉന്നമനത്തിനാവശ്യമായ കാര്യമാണ് നടത്തിയത് എന്നതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന തലശ്ശേരി നഗരസഭ കൗൺസിലിന്റെ 06/11/2012-ലെ 16-ാം നമ്പർ തീരുമാനം ഉൾപ്പെടെ നഗരസഭ സെക്രട്ടറി പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം മുന്നിലെ റിപ്പോർട്ടിൽ സർക്കാർ ഉത്തരവിന് വിരുദ്ധമാണെങ്കിലും സദുദ്ദേശത്തോടെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി തുക ചെലവഴിച്ചതിനാലും സർക്കാർ തലത്തിൽ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയുടെ 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-29 പ്രകാരം തടസ്സപ്പെടുത്തിയ മെയിന്റനൻസ് ഗ്രാന്റായി ലഭിച്ച തുകയിൽ നിന്നും വിവിധ സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് വേണ്ടി തലശ്ശേരി നഗരസഭ ചെലവഴിച്ച 5,37,737/- രൂപ (അഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരത്തി എഴുനൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം) യുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തലശ്ശേരി നഗരസഭ
ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ